(ബി) · എങ്കിൽ ഇവയുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത സബ് സ്റ്റേഷനുകളുടെ നിർമ്മാമത്തിന് ആരെയാണ് കരാർ ഏൽപ്പിച്ചിരിക്കുന്നതെന്നും ഇതുവരെ എന്തു തുക ആയതിലേക്ക് ചെലവഴിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ;

(ഡി) രൂക്ഷമായ വോൾട്ടേജ് ക്ഷാമവും വൈദ്യുതി വിതരണ പ്രതിസന്ധിയും നേരിടുന്ന ഈ പ്രദേശങ്ങളിൽ സബ് സ്റ്റേഷൻ എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇവയുടെ സ്ഥലമെടുപ്പിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(സി) ഹൈദ്രാബാദിലെ മെസ്സേഴ്സ് ഐക്കോം ടെലി. ലിമിറ്റഡ് എന്ന കമ്പനിയെയാണ് കരാർ ഏൽപ്പിച്ചിരിക്കുന്നത് സ്ഥലമെടുപ്പു നടപടികൾ പൂർത്തിയാകാത്തതിനാൽ സബ് സ്റ്റേഷനുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ബോർഡ് തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(ഡി) സ്ഥലമെടുപ്പു നടപടികൾ കഴിയുന്നതും വേഗത്തിൽ പൂർത്തീകരിച്ച് മാർച്ച് 2006-ന് മുമ്പായി സബ് സ്റ്റേഷൻ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

തൃശ്ശൂർ ജില്ലയിൽ പുതിയതായി 33 കെ. വി. സബ് സ്റ്റേഷനുകളുടെ പ്രവർത്തനം

30 [1118] ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ പുതിയായി ആരംഭിക്കുന്ന 33 കെ. വി. സബ് സ്റ്റേഷനുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ചിറയ്ക്കൽ 33 കെ. വി. സബ് സ്റ്റേഷന്റെ നിർമ്മാണം എതുവരെയായി എന്നും ഇതിന്റെ നിർമ്മാണം എന്ന് പൂർത്തിയാക്കും എന്നും വ്യക്തമാക്കാമോ ;

(സി) അന്തിക്കാട് 33 കെ. വി. സബ് സ്റ്റേഷന്റെ സ്ഥലം ഏറ്റെടുക്കുന്ന നടപടി പൂർത്തിയായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ഡി) പാലയ്ക്കൽ 33 കെ. വി. സബ് സ്റ്റേഷന്റെ നിർമ്മാണത്തിന് സ്ഥലം എടുക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ഇ) കൂർക്കഞ്ചേരി മേഖലയിൽ പുതിയ 33 കെ. വി. സബ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിൽ പുതിയതായി ആരംഭിക്കുന്ന 33 കെ. വി. സബ് സ്റ്റേഷനുകൾ ചുവടെ ചേർത്തിരിക്കുന്നു.

1. കയ്പമംഗലം
2. ചിറയ്ക്കൽ
3. കൊരട്ടി
4. മുല്ലശ്ശേരി
5. പാലയ്ക്കൽ
6. പറപ്പൂർ
7. വെള്ളാങ്ങല്ലൂർ
8. കല്ലേറ്റുംകര
9. അന്നമനട
10. അന്തിക്കാട്
11. ചേലക്കര
12. കൊങ്ങാന്നൂർ
13. കുണ്ടുക്കാട്
14. മുല്ലൂർക്കര
15. പഴിയാരം
16. പുമല
17. വെള്ളിക്കുളങ്ങര

(ബി) ഏകദേശം 15 ശതമാനം പണി പൂർത്തിയാക്കിയിട്ടുള്ള ചിറയ്ക്കൽ 33 കെ. വി. സബ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 30-9-2005-ന് പൂർത്തിയാകത്തക്ക രീതിയിൽ പണികൾ പുരോഗമിച്ചുവരുന്നു.

(സി) ഏറ്റെടുക്കാനുള്ള ഭൂമിയുടെ ഒരവകാശി മൈനർ ആയതിനാൽ കോടതിയുടെ അനുമതിക്കായി കാത്തിരിക്കുന്നതിനാൽ സ്ഥലം ഏറ്റെടുക്കുന്ന നടപടി പൂർത്തിയായിട്ടില്ല.

(ഡി) പ്രസ്തുത സബ് സ്റ്റേഷന്റെ നിർമ്മാണത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട വിലനിർണ്ണയ സമിതി ചേർന്ന് വില തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) നിലവിൽ കൂർക്കഞ്ചേരി മേഖലയിൽ പുതിയ 33 കെ. വി. സബ് സ്റ്റേഷൻ നിർമ്മാണത്തിനായി നിർദ്ദേശങ്ങളില്ലായെങ്കിലും, വിശദമായ പഠനത്തിനുശേഷം ആവശ്യമെങ്കിൽ യുക്തമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly